**No. CEE/953/2017/MPH-2017/TA4**


**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695001


# പത്രക്കുറിപ്പ്

## എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം 2017-18 അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ചു

കേരളത്തിലെ വിവിധ സർക്കാർ ഫാർമസി കോളേജുകളിലെയും സ്വാശ്രയ ഫാർമസി കോളേജുകളിലെയും (സർക്കാർ മെരിറ്റ്) സീറ്റുകളിലേയ്ക്ക് 2017–18 അദ്ധ്യയന വർഷത്തെ എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി GPAT-2017 പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ അപേക്ഷകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **2017 ജൂലൈ 12–ാം തീയതി വൈകുന്നേരം 5 മണി** വരെയായി ദീർഘിപ്പിച്ചിരിക്കുന്നു. ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ അപേക്ഷകൻ ബന്ധപ്പെട്ട എല്ലാ രേഖകളും പ്രോസ്പെക്ടസ് ക്ലോസ് 9.2.4 ലെ നിബന്ധനകൾക്കനുസൃതമായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. **ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല.**

തിരുവനന്തപുരം
05.07.2017

**പ്രവേശന പരീക്ഷാകമ്മീഷണർ**